ലൈക് പേജ്
mehdmaqbool@gmail.com
**മെഹദ് മഖ്ബൂൽ**

# കുരിശ് ചുമക്കാനായിരുന്നല്ലോ വെയിലത്തന്ന് ക്യൂ നിന്നത്

കുരിശ് ചുമക്കാൻ വേണ്ടി കോലാഹലം കൂട്ടുന്ന ജനതയെ പ്പറ്റി ഷ്ലോമോ കാലോ അദ്ദേഹത്തിന്റെ കഥയിലൊരിടത്ത് പറയു ന്നുണ്ട്. നാട്ടിലെ ഇലക്ഷൻ നേരങ്ങളിലെ ആൾക്കൂട്ടങ്ങളുടെ വീറും വാശിയും പ്രചാരണ ബഹളങ്ങളും കാണുമ്പോൾ അതാണ് ഓർമ വരാറ്. ഓരോ തെരഞ്ഞെടുപ്പിനു ശേഷവും പുതിയ പുതിയ കുരി ശുകളെ നമുക്ക് ചുമക്കേണ്ടിവരുന്നു. ഈ കുരിശ് ചുമക്കാനാണല്ലോ വെയിലത്ത് താൻ ക്യൂ നിന്നതെന്ന് പിന്നീടോരോരുത്തരും ഖേദി ക്കുന്നു. ചുരുക്കി ചിന്തിച്ചാൽ തെരഞ്ഞെടുക്കപ്പെട്ടവരുടെ ഏകാധി പത്യമാണ് ജനാധിപത്യം എന്നുവരുന്നു.

ജനാധിപത്യത്തെയും ഏകാധിപത്യത്തെയും പറ്റി പൊള്ളുന്ന ഹാസ്യത്തിൽ എഴുതപ്പെട്ട നോവലാണ് എൻ.പി മുഹമ്മദിന്റെ 'ഹിരണ്യകശിപു'. ഐതിഹ്യ ത്തിലെ ഹിരണ്യകശിപുവിനെ നമുക്കറിയാം. ശാപം കിട്ടി അസുരനായി ജനിക്കേണ്ടിവന്നയാൾ. ലോകത്ത് ഹിരണ്യായ നമഃ എന്ന മന്ത്രം ജനങ്ങളെക്കൊണ്ട് ചൊല്ലിച്ച് അതിൽ നിർവൃതി കൊണ്ടിരുന്ന ഹിരണ്യ കശിപുവിനെ ഒടുക്കം വിഷ്ണു നിഗ്രഹിച്ചു എന്നാണ് ഐതിഹ്യം.


എൻ.പി മുഹമ്മദ്

ദേവലോകത്ത് നടക്കുന്ന ഒരു ചർച്ചയിൽ നിന്നാണ് എൻ.പി മുഹമ്മദിന്റെ 'ഹിരണ്യകശിപു' തുടങ്ങുന്നത്. ജനാധിപത്യം എന്ന സിസ്റ്റത്തെപ്പറ്റി ചർച്ച പുരോഗ മിക്കുകയാണ്. നാട് ഭരിക്കാൻ കേരളത്തിലേക്ക് ഇവിടെ നിന്നൊ രാളെ അയക്കാം എന്ന് തീരുമാനമാവുന്നു.

'മാവേലിയെ അയച്ചാലോ?'

'വേണ്ട, ഭൂമിയാകെ ദാനം ചെയ്ത് ഇങ്ങ് തിരിച്ചുപോരും.'

'പ്രഹ്ലാദനായാലോ?'

'അതും വേണ്ട, അയാൾ ഭജനയും പ്രാർഥനയുമായി നടക്കും.'

ഒടുക്കം ഹിരണ്യകശിപുവിനെ അയക്കാൻ തീരുമാനിക്കുന്നു. അയാൾക്കാകുമ്പോൾ നല്ല നാവുണ്ട്. പൊളിറ്റിക്സിൽ തിളങ്ങാം. ഏകാധിപത്യ ജനാധിപത്യം എന്നൊരു പുതിയ രീതി പരീക്ഷിക്കാം എന്നും തീരുമാനമാവുന്നു. ജനങ്ങളോട് ജനനായക ജനഭരണം എന്ന് പറഞ്ഞാൽ മതി. ഇലക്ഷനിലൂടെ തന്നെയാണ് ഹിരണ്യകശിപു അധികാരത്തിൽ വരേണ്ടതെന്നും സാധാരണ മനുഷ്യനായി നാട്ടി ലദ്ദേഹം ഇറങ്ങണമെന്നും തീരുമാനമായി. മാനിഫെസ്റ്റോ ഉണ്ടാ ക്കാൻ ശുക്രമുനിയെ ഏൽപിച്ചു. അങ്ങനെ ജനാധിപത്യ രാജ്യത്ത് ഒരുപാട് പേരെ ദേവലോകത്ത് നിന്ന് ഇറക്കുമതി ചെയ്യുകയാണ്.

പ്രഫ. ജയൻ എന്ന പേര് സ്വീകരിച്ച് നാട്ടിലെത്തി ഹിരണ്യകശിപു ആദ്യം ചെയ്തത് 'സത്യം' എന്നൊരു പത്രം തുടങ്ങുകയാണ്. നാട്ടിൽ അന്നേരം അരിവിരുദ്ധ സമരം നടക്കുകയായിരുന്നു. റേഷൻകട വഴി അരി കൊടുക്കാൻ തീരുമാനിച്ചതിനെതിരെ പാർട്ടി കൾ സമരത്തിലാണ്.

'അരിവേണ്ട, ഞങ്ങൾക്ക് നെല്ല് തരിക. ഗവൺമെന്റിന്റെ ഈ തീരു മാനം പടിപടിയായുള്ള യന്ത്രവത്കരണത്തിലേക്കുള്ള പോക്കിന്റെ തുടക്കമാണ്.'

'സത്യം' പത്രം ആദ്യത്തെ രണ്ടു ദിവസം പുറത്തിറങ്ങിയത് വാർത്തകളൊന്നുമില്ലാതെ! ആദ്യ പേജിൽ 'ഒഴിഞ്ഞ വയറുകൾക്ക് വാർത്തകളെന്തിന്' എന്ന ടൈറ്റിൽ മാത്രം. അത് ജനശ്രദ്ധ പിടിച്ചു പറ്റി. മൂന്നാം ദിവസത്തെ പത്രത്തിൽ പ്രഫ. ജയനു(ഹിരണ്യകശി പു)മായുള്ള ദീർഘ അഭിമുഖം.

പിന്നീടവർ ജനഗുണഗണം എന്ന പാർട്ടി രൂപീകരിക്കുന്നു. ബ്ലാക് ഗാർഡ്സ് എന്ന പേരിൽ പാർട്ടിക്കൊരു സായുധ സംഘവും. നമ്മുടെ സംരക്ഷണമാണ് ബലപ്രയോഗത്തിന്റെ മാനദണ്ഡമെന്ന്' ശുക്രമുനി അവരെ പഠിപ്പിക്കുന്നു. 'ആശയങ്ങളോ യുക്തിയോ അഭിപ്രായ ങ്ങളോ അല്ല ജനങ്ങളെ സ്വാധീനിക്കുന്നത്. അവരെ വിസ്മയിപ്പി ച്ചാൽ മാത്രം മതി നമുക്ക് ഇലക്ഷനിൽ ജയിക്കാം. കണ്ണിന് ഉത്സ വം, ബുദ്ധിക്ക് വിശ്രമം.'

ഒടുക്കം രക്തസാക്ഷികളെ വരെ 'ജനഗുണഗണം' പാർട്ടി ഉണ്ടാ ക്കിയെടുക്കുന്നുണ്ട്. അത് വോട്ടായി മറിഞ്ഞ് ഹിരണ്യകശിപുവും പാർട്ടിയും അധികാരത്തിലെത്തുകയാണ്.

സത്യപ്രതിജ്ഞയെല്ലാം കഴിഞ്ഞ് ജനങ്ങൾക്ക് നേരെ തിരിഞ്ഞ് ഹിരണ്യകശിപു പറഞ്ഞു: "എന്റെ രണ്ടാമത്തെ ഈശ്വരൻ നിങ്ങളാണ്, അനുഗ്രഹി ക്കൂ." ഹിരണ്യകശിപു ജനങ്ങളെ നമസ്കരിച്ചു. 'നല്ല നാളുകൾ' വന്നെന്ന് ആൾക്കൂട്ടത്തിന് തോന്നി.

പിന്നെ പിന്നെ ഹിരണ്യകശിപു തന്റെ വിശ്വരൂ പം കാണിക്കാൻ തുടങ്ങി. ആദ്യം ചെയ്തത് ജന ന നിയന്ത്രണമാണ്. ജനപ്പെരുപ്പം തടയാൻ അഞ്ചു വയസ്സിന് താഴെയുള്ളവരെയും നാൽപത്തിയ ഞ്ചിന് മീതെയുള്ളവരെയുമെല്ലാം കൊല്ലണം എന്ന് ഓർഡറിട്ടു. 'എല്ലാവരും പട്ടിണി കൊണ്ട് കൊല്ലപ്പെടുന്നതിനേക്കാൾ നല്ലത്, തെരഞ്ഞെടുത്ത കുറച്ച് പേരെങ്കിലും സുഖിക്കുന്നതാണ്.'

ഒരുപാട് ഔഷധ നിർമാണശാലകൾ തുടങ്ങി. രോഗം എപ്പോഴും ഉണ്ടായിരിക്കണമെന്നതായി ഗവൺമെന്റിന്റെ നയം. നശിപ്പിക്കേണ്ടത് രോഗത്തെയല്ല, രോഗിയെയാണെന്നും പുതിയ തിയറി വന്നു.

ഭരണത്തിന്റെ പോക്ക് കണ്ട് മടുത്തപ്പോൾ ശുക്രമുനിയുടെ മകൻ പറയുന്നുണ്ട്: "നാരായൺ ദാസ്, ഭാഗ്യഹീനരായ മനുഷ്യ ജീവികളെ കൊല്ലുന്നതിന് ചില ബഹുമതികൾ നമുക്ക് നൽകണം. പതിനായിരം ശിശുക്കളെ കൊല്ലുന്നവൻ വധശ്രീ. ഒരു ലക്ഷം കിഴവന്മാരെ കൊല്ലു ന്നവൻ വധഭൂഷണൻ. പത്തു ലക്ഷം പേരെ കൊല്ലുന്നവൻ വധപ്ര മുഖ്. ഒരു കോടി പേരെ കൊല്ലാൻ മരുന്നുണ്ടാക്കുന്നവൻ വധരത്നം."

ഭരണം തുടങ്ങി കുറച്ച് നാൾക്കകം തന്നെ ജനങ്ങൾക്ക് ഭീതിയാ യിത്തുടങ്ങി. 'നാമൊരു ഫ്രാങ്കൻ സ്റ്റൈനെ ഉണ്ടാക്കി' എന്നവർ അടക്കം പറഞ്ഞു (മേരി ഷെല്ലിയുടെ നോവലാണ് ഫ്രാങ്കൻസ്റ്റൈൻ. മനുഷ്യനെ ഉണ്ടാക്കാനുള്ള ശ്രമം ഒരു വികൃത സത്വത്തിന്റെ നിർമി തിയിലേക്ക് ചെന്നെത്തുന്നതാണ് അതിലെ കഥ).

ദേവലോകത്ത് ഹിരണ്യകശിപുവിന്റെ ഫാഷിസ്റ്റ് ഭരണരീതിയെ പ്പറ്റി വിമർശനം വരികയും ഒടുക്കം അങ്ങോരെ പിൻവലിക്കുകയും ചെയ്യുന്നതോടെ നോവൽ അവസാനിക്കുന്നു. എൻ.പിയുടെ 'നാവ്' എന്ന നോവലും സ്വേഛാധിപത്യത്തെ വിശകലനം ചെയ്യുന്നുണ്ട്. വാക്കുകളിൽ പതിയിരിക്കുന്ന മൂർച്ചയുള്ള ഹാസ്യം കൊണ്ട് നമ്മെ ശരിക്കും വിസ്മയിപ്പിക്കുന്നു എൻ.പി മുഹമ്മദ്. ■